അലങ്കാര മത്സ്യകൃഷി

192(400) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലങ്കാരമത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ രംഗത്ത് അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL) നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) കണ്ണൂരിലും പാലക്കാട്ടുമായി ആരംഭിക്കുന്ന സാറ്റലൈറ്റ് ഫാമിന് ഒമാൻ സർക്കാരിന്റെ നിക്ഷേപം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലേയ്ക്കാണ് അലങ്കാര മത്സ്യങ്ങൾ കയറ്റുമതി ചെയ്യുന്നത് ;

(ഇ) കുടുംബശ്രീയുടെ സഹകരണത്തോടെ എത്ര ഹോം സ്റ്റഡ് ഫാമുകൾ പ്രവർത്തിക്കുന്നു; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ സഹായങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) അലങ്കാരമത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരും സ്വകാര്യസംരംഭകരും ചേർന്ന് പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ കേരളാ അക്വാവെഞ്ചേർസ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുകയും പ്രസ്തുത കമ്പനിയുടെ മേൽനോട്ടത്തിൽ എറണാകുളം ജില്ലയിൽ ആലുവ കിഴക്കേ കടുങ്ങല്ലൂരിൽ ഒരു അക്വാ ടെക്നോളജി പാർക്ക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അലങ്കാരമത്സ്യകുഞ്ഞുങ്ങളെ വളർത്തി വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നതിന് എക്സ്പോർട്ട് ഹബ്ബുകളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. അക്വാടെക്നോളജി പാർക്കിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ അലങ്കാരമത്സ്യകുഞ്ഞുൽപ്പാദനത്തിനായി സാറ്റലൈറ്റ് ഫാമുകളും സ്ഥാപിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തുടനീളം താല്പര്യമുള്ള വ്യക്തികൾക്ക് അലങ്കാരമത്സ്യങ്ങളുടെ വളർത്തലിനും വിപണനത്തിനുമായി ഹോംസ്റ്റെഡ് യൂണിറ്റുകൾ (അടുക്കളത്തോട്ടം) ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനവും, സാങ്കേതിക/സാമ്പത്തിക സഹായങ്ങളും നൽകി വരുന്നു. ഇത്തരം യൂണിറ്റുകൾക്കാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ മിതമായ വിലയ്ക്ക് വിതരണം ചെയ്യുകയും അവ വളർന്ന് വിപണനത്തിന് പാകമാകുമ്പോൾ വില നൽകി തിരികെ എടുക്കുകയും ചെയ്യുക വഴി അലങ്കാരമത്സ്യകർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവിലയും വിപണനസൗകര്യവും ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. പ്രസ്തുത സംരംഭങ്ങൾക്ക് ഒമാൻ സർക്കാരിന്റെ നിക്ഷേപം ലഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു.

(ഡി) നിലവിൽ യു.എസ്.എ., ഫ്രാൻസ്, യു.എ.ഇ. എന്നിവിടങ്ങളിലേക്കാണ് കയറ്റുമതി നടത്തുന്നത്. റഷ്യ, ചൈന, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേക്കു കൂടി കയറ്റുമതി നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) കുടുംബശ്രീയുടെ സഹകരണത്തോടെയെന്നതിലുപരി മിക്ക ഹോംസ്റ്റഡ് യൂണിറ്റുകളുടെയും ഗുണഭോക്താക്കൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുള്ളവരാണ് എന്നതാണ് വസ്തുത. നിലവിൽ അത്തരം 200-ഓളം യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എല്ലാ ഹോസ്റ്റംഡ് യൂണിറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അനുവദനീയമായ സാമ്പത്തിക സഹായവും എല്ലാ തരത്തിലുമുള്ള സാങ്കേതിക സഹായങ്ങളും നൽകുന്നുണ്ട്.

യൂണിറ്റുകൾക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ യഥാസമയം നൽകുകയും വളർന്ന് വിപണനത്തിന് പാകമാകുമ്പോൾ മാന്യമായ വില നൽകി തിരികെയെടുക്കുകയും ചെയ്യുക വഴി വിപണന സൗകര്യവും ന്യായവിലയും ലഭ്യമാക്കുന്നുണ്ട്.

തീരമൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

193(401) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് മത്സ്യമേഖലയിൽ എന്തൊക്കെ വികസനങ്ങൾ നടപ്പാക്കാനായി ;

(സി) തീരദേശ മേഖലയിലെ ഓരോ മത്സ്യത്തൊഴിലാളിക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരദേശ ജനങ്ങളുടെ ജീവിത പുരോഗതിക്കും വരുമാന വർദ്ധനവിനുമായി കൂട്ടായ്മയിലൂന്നിയ ഒരു സമഗ്ര പദ്ധതിയാണ് "തീരമൈത്രി" എന്ന പൊതു നാമധേയത്തിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നത്. മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്ന വിധത്തിൽ സമഗ്രവും സുസ്ഥിരവുമായ ജീവനോപാധി സഹായ പദ്ധതികൾ തീരദേശ മേഖലയിൽ നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly